**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 233 — **10 . 6 . 2 0 1 3- ൽ മറുപടിക്ക്**

**ഭൂമിദാനകേസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ :<br>ശ്രീ.ലൂഡി ലൂയിസ് :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ.സി.പി.മുഹമ്മദ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) മുൻസർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ചുള്ള കേസിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; | (എ) മുൻ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ചുള്ള കേസിൽ അന്വേഷണം പൂർത്തിയായി. കുറ്റാരോപിതർക്കെതിരെ Prosecution Sanction Order ലഭിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) പ്രസ്തുത കേസിൽ ആർക്കെല്ലാം എതിരെയാണ് കുറ്റപത്രം സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) പ്രസ്തുത കേസിൽ താഴെപ്പറയുന്നവർക്കെതിരെയാണ് കുറ്റപത്രം സമർപ്പിക്കാൻ ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്.<br>1. ശ്രീ.വി.എസ്.അച്ചുതാനന്ദൻ<br>2. ശ്രീ.കെ.പി.രാജേന്ദ്രൻ<br>3.ശ്രീ.ടി.കെ.സോമൻ<br>4. ശ്രീ.എൻ.എ.കൃഷ്ണൻകുട്ടി ഐ.എ.എസ്<br>5.ശ്രീ.എ.സുരേഷ് |
| (സി) കുറ്റക്കാരെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ; | (സി) കുറ്റക്കാരെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ശ്രീ.വി.എസ്.അച്ചുതാനന്ദൻ, മുൻമുഖ്യമന്ത്രി.<br>2. ശ്രീ.കെ.പി.രാജേന്ദ്രൻ, മുൻ റവന്യൂ വകുപ്പ് മന്ത്രി.<br>3. ശ്രീ.ടി.കെ.സോമൻ, വിമുക്തഭടൻ.<br>4. ശ്രീ.എൻ.എ.കൃഷ്ണൻകുട്ടി ഐ.എ.എസ്, മുൻ ജില്ലാ കളക്ടർ, കാസർകോട്.<br>5. ശ്രീ.എ.സുരേഷ്, മുൻ മുഖ്യമന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റ് |
| (ഡി) കേസിന്മേലുള്ള അന്തിമറിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ ; വിശദാംശങ്ങളെന്തെല്ലാം? | (ഡി) ശ്രീ. വി. എസ്. അച്ചുതാനന്ദൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സമർപ്പിച്ച ഡബ്ളിയു.പി (സി) നമ്പർ 21529/12-ലെ സിംഗിൾ ജഡ്ജിന്റെ 6.12.2012 ലെ വിധിപ്രകാരം ഈ കേസിൽ അച്ചുതാനന്ദനെതിരായ എഫ്.ഐ.ആർ റദ്ദാക്കി. അതിനെതിരെ കേരള സർക്കാർ സമർപ്പിച്ച ഡബ്ളിയു.എ നമ്പർ 2138/12 ലെ കോടതിയുടെ Interim Order പ്രകാരം സിംഗിൾ ജഡ്ജ് വിധി നടപ്പിലാക്കുന്നത് നിർത്തി വയ്ക്കുകയും ഈ അപ്പീലിൽ തീരുമാനമാകുന്നതുവരെ അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിൽ നിന്നും വിജിലൻസിനെ തടയുകയും ചെയ്തിട്ടുള്ളതിനാൽ മറ്റുനടപടികൾ ഒന്നും എടുത്തിട്ടില്ല. |

സെക്ഷൻ ആഫീസർ